"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - Land Acquisition Act - Section 28A - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് അനുവദിച്ച തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2380/2022/LSGD തീയതി,തിരുവനന്തപുരം, 30-09-2022

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25.08.2021ലെ എസ്സ്1/909/2021/ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 976/2022/തസ്വഭവ തീയതി 20.04.2022.
3. സ.ഉ.(സാധാ) നം. 3893/2022/ധന തീയതി 24/05/2022.

ഉത്തരവ്

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡ് വികസനത്തിലേക്കായി ടിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് Land Acquisition Act - Section 28A പ്രകാരം കക്ഷിയായ ശ്രീ. ഗോവർദ്ധനൻ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,72,338/- രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ടിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് Land Acquisition Act - Section 28A പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,72,338/- രൂപ കക്ഷിയായ ശ്രീ. ഗോവർദ്ധനന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 15,73,000/- രൂപ 4217-60-800-93 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിലെ Sy. No. 1675/1 (LA Re Sy. No. 153/24)

എന്നീ സർവ്വേ നമ്പരിലുൾപ്പെട്ട 0.41 ആർ സ്ഥലത്തിന് ശ്രീ. ഗോവർദ്ധനന് (S / o പത്മനാഭൻ, കിഴക്കേപുത്തൻ വീട്, വെൺപാലവട്ടം, ആനയറ പി.ഒ. തിരുവനന്തപുരം) 15,72,338/- രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തെട്ട് രൂപ മാത്രം) 4217-60-800-93 എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ശ്രീ. ഗോവർദ്ധനൻ, S/o പത്മനാഭൻ, കിഴക്കേപുത്തൻ വീട്, വെൺപാലവട്ടം, ആനയറ പി.ഒ. തിരുവനന്തപുരം.
ട്രിഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
നിയമ വകുപ്പ് (527/ഉപദേശം-ഡി3/2022/നിയമം തീയതി 11/03/2022)
ധനവകുപ്പ് (DEV-2/138/2022-FIN(2073071) dated 31/05/2022.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/104/2021/LSGD)

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 30-09-2022 14:55:35
സെക്ഷൻ ഓഫീസർ